# കേരള സർവകലാശാല

നം. പി.ആർ.191/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## അസിസ്റ്റന്റ് ഡയറക്ടർ നിയമനം: അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ഫിസിക്കൽ എഡ്യുക്കേഷൻ പഠനവകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ നിയമനത്തിനായി, സർക്കാർ/സർവകലാശാല സർവീസിൽ ഫിസിക്കൽ എഡ്യുക്കേഷൻ അസിസ്റ്റന്റ് ഡയറക്ടറായി ജോലി ചെയ്യുന്നവരിൽ നിന്നും ഡപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. അവസാന തീയതി: സെപ്റ്റംബർ 18 വൈകുന്നേരം അഞ്ച് മണി. അപേക്ഷാഫോമും വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

(എല്ലാ എഡിഷനിലും പ്രസിദ്ധീക്കാനുള്ളത്)

## ബി.ആർക്ക് പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബർ 13-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) റഗുലർ സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യു.ഐ.ടികളിലെ പി.ജി പ്രവേശനം

കേരള സർവകലാശാല നേരിട്ടു നടത്തുന്ന പിരപ്പൻകോട്, ആലപ്പുഴ യു.ഐ.ടികളിൽ അനുവദിച്ചിട്ടുള്ള കോഴ്സിലേക്കുള്ള പ്രവേശനം നടത്തുന്നതിനുള്ള വിശദവിവരങ്ങൾ പിന്നീടറിയിക്കുന്നതാണ്. എം.എസ്.ഡബ്ലിയു കോഴ്സിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതില്ല. എം.കോം (ഫിനാൻസ്), നെയ്യാറ്റിൻകര, പത്തനാപുരം, വക്കം, കൊല്ലം, മന്നാർ എന്നീ യു.ഐ.ടികളിലും എം.എസ്സി കമ്പ്യൂട്ടർ സയൻസ് കരുവാറ്റ യു.ഐ.ടിയിലും അനുവദിച്ചിരിക്കുന്നു. ഈ കോഴ്സുകളിലേക്കുള്ള അപേക്ഷ ഓൺലൈൻ വഴി ആഗസ്റ്റ് 31 വരെ സമർപ്പിക്കാം.

(എല്ലാ എഡിഷനിലും പ്രസിദ്ധീക്കാനുള്ളത്)

## നാഷണൽ സിമ്പോസിയം

കേരള സർവകലാശാല നിയമ പഠനവകുപ്പ് വികസ്വര സമൂഹത്തിലെ നിയമങ്ങൾ: ഗവേഷണവും പ്രവർത്തനവും എന്ന വിഷയത്തിൽ നടത്തുന്ന നാഷണൽ സിമ്പോസിയം ആഗസ്റ്റ് 30 രാവിലെ 10.30 മുതൽ കാര്യവട്ടം നിയമ പഠനവകുപ്പിന്റെ സെമിനാർ ഹാളിൽ നടക്കും. ഡോ. വി. സുദേഷ് (ബാംഗ്ലൂർ യൂണിവേഴ്സിറ്റി), രമേഷ് (യൂണിവേഴ്സിറ്റി ഓഫ് മൈസൂർ), ഡോ. എം. വിശ്വനാഥ് ( യൂണിവേഴ്സിറ്റി) എന്നിവർ പങ്കെടുക്കും.

## ക്ലാസ് ഉണ്ടായിരിക്കുന്നതല്ല

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന യോഗാ കോഴ്സുകൾക്ക് ആഗസ്റ്റ് 28-ന് ക്ലാസ് ഉണ്ടായിരിക്കുന്നതല്ല.

## പി.ജി.ഡി.ഡി.എൻ, പി.ജി.ഡി.എ.പി, പി.ജി.ഡി.സി.എ.എഫ്.സി, പി.ജി.ഡി.ബി.ടി ടൈംടേബിൾ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ഒക്ടോബർ ഒമ്പത് മുതൽ പി.ജി.ഡി.ഡി.എൻ, പി.ജി.ഡി.എ.പി, പി.ജി.ഡി.സി.എ.എഫ്.സി, പി.ജി.ഡി.ബി.ടി ഡിപ്ലോമ കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പുതുതായി അനുവദിച്ച യു.ഐ.ടികളിലെ ബിരുദ പ്രവേശനം

കേരള സർവകലാശാല പുതുതായി ആരംഭിച്ച 11 യു.ഐ.ടി.(ആലപ്പുഴ ജില്ല യിലെ മുഹമ്മ, മണ്ണഞ്ചേരി, പത്തിയൂർ, മുതുകുളം, കൊല്ലം ജില്ലയിലെ ചരുപറ മ്പ്, തിരുവനന്തപുരം ജില്ലയിലെ കല്ലറ, ആഴൂർ, വള്ളക്കടവ്, കാഞ്ഞിരംകുളം, മലയിൻകീഴ്, തൊളിക്കോട്) കളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവർക്ക് ഓൺലൈനായി (http://admissions.keralauniversity.ac.in) രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 28 വരെ നീട്ടി. ഇതിനോടകം ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർക്ക് പുതിയ യു.ഐ.ടി.കളിലേയ്ക്ക് ഓപ്ഷൻ നൽകുന്നതിനുള്ള അവസരവും ആഗസ്റ്റ് 28 വരെ നീട്ടി. ആഗസ്റ്റ് 29-ന് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയും ആഗസ്റ്റ് 30, 31 തീയതികളിൽ പ്രവേശനം നടത്തുകയും ചെയ്യും.

(എല്ലാ എഡിഷനിലും പ്രസിദ്ധീക്കാനുള്ളത്)

തിരുവനന്തപുരം.
25.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ